പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3082 13/10/2011 - ൽ മറുപടിക്ക്

ഫറോക്ക് ഗണപത് ഹൈസ്കൂൾ ഭൂമി തട്ടിയെടുത്തതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗണപത് ഹൈസ്കൂൾ വക ഭൂമി തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട്, ഉദ്യോഗസ്ഥ തലത്തിലുണ്ടായ വീഴ്ചകൾ അന്വേഷിച്ച അഡീഷണൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കുറ്റവാളികളുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (എ) & (ബി)<br><br>പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി ഫറോക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം നം.79/07 ആയി രജിസ്റ്റർ ചെയ്ത് അന്വേഷണത്തിലാണ് പരാധിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വിവിധ കോടതികളിലായി വ്യവഹാരത്തിലുമാണ് |

സെക്ഷൻ ഓഫീസർ